**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2339** **12-02-2024 - ൽ മറുപടിയ്ക്ക്**

**അംഗൻവാടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അംഗൻവാടികളിലെ ടീച്ചർ, ഹെൽപ്പർ എന്നിവർക്ക് ശമ്പളം ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ വർധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | കേരളത്തിലെ അങ്കണവാടികളിൽ 10 വർഷത്തിൽ താഴെ സേവനകാലയളവുള്ള അങ്കണവാടി പ്രവർത്തകർക്ക് 500/- രൂപയും 10 വർഷത്തിലധികം സേവനകാലയളവുള്ള അങ്കണവാടി പ്രവർത്തകർക്ക് 1,000/- രൂപയും വീതം 01/12/2023 പ്രാബല്യത്തിൽ പ്രതിമാസ ഓണറേറിയത്തിൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | അംഗൻവാടികളിൽ വിതരണം ചെയ്യുന്ന അമൃതം (പൂരക പോഷകാഹാരം) ഉണ്ടാക്കുന്ന എത്ര യൂണിറ്റുകൾ സംസ്ഥാനത്ത് നിലവിൽ ഉണ്ട്; എല്ലാ യൂണിറ്റുകൾക്കും എല്ലാ മാസവും വിതരണാവകാശം ഒരുപോലെ ആണോ നൽകുന്നത്; അമൃതം യൂണിറ്റിന് വേണ്ടി രൂപീകരിച്ച കൺസോർഷ്യം എല്ലാ ജില്ലകളിലും നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന 'അമൃതം' തയ്യാറാക്കുന്ന 241 യൂണിറ്റുകൾ സംസ്ഥാനത്ത് നിലവിലുണ്ട്. ഓരോ മാസവും അങ്കണവാടികളിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ചാണ് 'അമൃതം' വിതരണം ചെയ്യുന്നത്. ആയതിനാൽ ഓരോ മാസവും വിതരണം ചെയ്യുന്ന അളവ് വ്യത്യസ്തമായിരിക്കും. അമൃതം യൂണിറ്റിന് വേണ്ടി എല്ലാ ജില്ലകളിലും കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

| വിഭാഗം | 30/11/2023 വരെയുള്ള നിരക്ക് (രൂപയിൽ) | സേവനകാലയളവ് 10 വർഷത്തിൽ താഴെ (500 രൂപ നിരക്കിൽ; 01/12/2023 പ്രാബല്യത്തിൽ; രൂപയിൽ ) | സേവനകാലയളവ് 10 വർഷത്തിൽ അധികം (1000 രൂപ നിരക്കിൽ; 01/12/2023 പ്രാബല്യത്തിൽ; രൂപയിൽ) |
|---|---|---|---|
| മെയിൻ അങ്കണവാടി വർക്കർ | 12,000 | 12,500 | 13,000 |
| മിനി അങ്കണവാടി വർക്കർ | 11,000 | 11,500 | 12,000 |
| അങ്കണവാടി ഹെൽപ്പർ | 8,000 | 8,500 | 9,000 |

സെക്ഷൻ ഓഫീസർ